**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3959**

**31.01.2014 - ൽ മറുപടിക്ക്**

## പ്രവർത്തനം തുടങ്ങാത്ത വ്യവസായ എസ്റ്റേറ്റുകളുടെ ഭൂമി തിരിച്ചെടുക്കൽ

..................................

ചോദ്യം
ശ്രീ. എ. പ്രദീപ് കുമാർ
,, കെ.കെ നാരായണൻ
,, കെ. കുഞ്ഞിരാമൻ
(തൃക്കരിപ്പൂർ)
,, എം. ഹംസ

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി ഏറ്റെടുത്ത ശേഷം വ്യവസായം തുടങ്ങാതിരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ എന്ത് നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത് ; | (എ) : വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി ഏറ്റെടുത്ത ശേഷം വ്യവസായം തുടങ്ങാതിരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിയമാനുസൃത നോട്ടീസുകൾ നൽകുകയും വ്യവസായം ആരംഭിക്കാൻ സാദ്ധ്യതയില്ലായെന്നു കാണുന്ന പക്ഷം ഭൂമി തിരിച്ചെടുക്കുകയും ചെയ്യുന്നു. |
| (ബി) പ്രവർത്തനം നിലച്ചുപോയ യൂണിറ്റുകൾ പുതിയ നിക്ഷേപകരുടെ പേരിൽ കൈമാറ്റം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) : പ്രവർത്തനം നിലച്ചുപോയ യൂണിറ്റുകൾ പുതിയ നിക്ഷേപകരുടെ പേരിൽ കൈമാറ്റം ചെയ്യുന്നുണ്ട്. |
| (സി) എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (സി) : പ്രവർത്തനം ആരംഭിച്ചശേഷം നിലച്ചുപോയ യൂണിറ്റുകൾ യഥാർത്ഥ സംരംഭകന് കൈമാറ്റം ചെയ്യുന്നതിന് നിലവിലുള്ള വ്യവസായി അപേക്ഷിക്കുന്നപക്ഷം, അപേക്ഷ, സാക്ഷ്യപത്രം, പദ്ധതിരേഖ, പുതിയ സംരംഭകന്റെ പരിചയം, ധനസ്രോതസ് എന്നിവ പരിശോധിച്ച് വ്യവസായ യൂണിറ്റ് കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകുന്നുണ്ട്. |
| (ഡി) വ്യവസായ എസ്റ്റേറ്റുകളിൽ ഭൂമി ലഭിക്കുന്നതിനായി പുതുതായി അപേക്ഷ സമർപ്പിക്കുമ്പോൾ എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഡി) : പുതുതായി ഭൂമി അനുവദിക്കുന്നതിന് തുടങ്ങുവാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ പ്രോജക്ട് റിപ്പോർട്ട്, അപേക്ഷ, നിരതദ്രവ്യം എന്നിവ സമർപ്പിക്കുകയും ആയത് പരിശോധിച്ച് മുൻഗണനയനുസരിച്ച് ഭൂമി അനുവദിക്കുകയുമാണ് ചെയ്യുന്നത്. |
| (ഇ) വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ സ്ഥാപനം പ്രവർത്തനം തുടങ്ങാത്ത ഭൂമി തിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ ഫലമായി ഈ സർക്കാർ വന്നതിനുശേഷം എത്ര ഭൂമി തിരിച്ചെടുത്തു എന്ന് വ്യക്തമാക്കാമോ ; | (ഇ) : ഈ സർക്കാർ വന്നതിനുശേഷം വ്യവസായ വാണിജ്യ ഡയറക്ടർ 28.22 ഏക്കർ ഭൂമിയും കിൻഫ്ര 10.54 ഏക്കർ ഭൂമിയും തിരിച്ചെടുത്തിട്ടുണ്ട്. |

| | |
|---|---|
| (എഫ്) ഭൂമി ഏറ്റെടുത്തു വ്യവസായം തുടങ്ങാതെ കോടതി സ്റ്റേയുടെ മറവിൽ ഭൂമി കൈവശം വച്ചിരിക്കുന്ന കേസുകളിൽ സ്റ്റേ നീക്കി ഭൂമി വീണ്ടെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (എഫ്) : വളരെക്കാലമായി സ്റ്റേ ഉള്ള കേസുകളിൽ സ്റ്റേ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫിസർ.